അക്ഷരജാഥ

(ഗാനങ്ങൾ–സംഗീത ശില്പങ്ങൾ)

തിരുവനന്തപുരത്തുനിന്നും

തലശ്ശേരിയിൽനിന്നും

എറണാകുളത്തേക്ക്

ആഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 8 വരെ

തുടിപ്പാട്ട്

മുല്ലനേഴി

നേരമൊട്ടും വൈകിയില്ല
കൂട്ടകാരേ പോരൂ... കൂട്ടകാരേ പോരൂ
പേരെഴുതാം വായിക്കാം
ലോകവിവരം നേടാം, ലോകവിവരം നേടാം
മർത്ത്യരായ് നാം പിറന്ന
മണ്ണിതിൻെറ ഗന്ധം
വേർപ്പുനീരിൻ ഗന്ധമെന്നു
വേർതിരിച്ചറിയാം, വേർതിരിച്ചറിയാം
[നേരമൊട്ടും...

പണിയെടുത്തു പണിയെടുത്തു പാരുപൂത്തനാക്കി
പണിയെടുത്തു പണിയെടുത്തു എല്ലുവെള്ളമാക്കി
മെയ്യനങ്ങാ വേലചെയ്യോർ മേലെമേലെയായി
മെയ്യുരുക്കി വേലചെയ്യോർ വയ്യവയ്യെന്നായി
എന്തുകൊണ്ടിത്....? എന്തുകൊണ്ടിത്....?
എന്നറിയില്ലെന്നോ....?
സ്വന്തം മണ്ണിൻ വിലയറിയാൻ
നേരമായില്ലെന്നോ... ?നേരമായില്ലെന്നോ....?
[നേരമൊട്ടും...

അക്ഷരങ്ങൾ മൂർച്ചയുള്ളൊരായുധമാകുമ്പോൾ
പുസ്തകങ്ങൾ നമ്മളുടെ കൂട്ടകാരാകുമ്പോൾ
സംഘബോധം നമ്മളെ നയിക്കുവാനെത്തുമ്പോൾ
ഇംഗിതം പോലാകും
[നേരമൊട്ടും....

ചോദ്യക്കളി

മുല്ലനേഴി

കാടായ കാടൊക്കെയാരാരോ വെട്ടീട്ടും
കാട്ടുകുടിയുള്ളിൽ കാട്ടുകുടി

നാട്യങ്ങളില്ലാതെ നാട്ടിൽ ജീവിച്ചിട്ടും
നട്ടെല്ലൊടിയണതെന്തുകൊണ്ട്...?

എന്തുകൊണ്ട്? എന്തുകൊണ്ട്
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട് ?

എല്ലുമുറിയെ പണിതിട്ടും പണിതിട്ടും
പല്ലുമുറിയാത്തതെന്തുകൊണ്ട്.. ?

കൈയിന്നുബലമുണ്ട്, കണ്ണിന്നുതെളിവുണ്ട്
കൈകൊണ്ടെഴുതാത്തതെന്തുകൊണ്ട്...?

എന്തുകൊണ്ട്....? എന്തുകൊണ്ട്...?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്...?

ആപ്പീസിൽ ചെന്നൊരപേക്ഷ കൊടുക്കുവാൻ
അന്യരെ തേടുന്നതെന്തുകൊണ്ട്...?

അകലെനിന്നെത്തുന്ന കത്തുവായിക്കുവാൻ
ആരാനെ തേടുന്നതെന്തുകൊണ്ട്...?

എന്തുകൊണ്ട്...? എന്തുകൊണ്ട്...?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്...?

അക്ഷരം കൈയിലില്ലാത്തതുകൊണ്ടല്ലേ
ആ സ്ഥിതി നമ്മളാക മാററിക്കൂടേ

ഇത്തിരിനേരം മെനക്കെടാം നമ്മളാക്കീ-
യക്ഷരച്ചൂട്ടിന്ന തീ കൊളുത്താം

അക്ഷരച്ചൂട്ടിൻ വെളിച്ചത്തിൽ നമ്മളാക്കൊ-
ക്കൊരത്ഭുതലോകം തുറന്നുകിട്ടും

ആരോഗ്യപാട്ട്

വെള്ളില വാസു

തിന്നാതെ മനുഷ്യന്നു് ജീവിക്കാൻ കഴിയൂല്ലല്ലോ
തിന്നാലോ വയററീന്നു് പോകാതെ കഴിയൂല്ലല്ലോ
ഗുണദോഷം നോക്കാതെ പരക്കെ നാം പോകുന്നല്ലോ
ഗുലുമാലാണതുവേണ്ട പരിഹാരം കാണാമല്ലോ

[തിന്നാതെ....

പകരും മാരക രോഗാണുക്കൾ പെരുകീടുന്നു വിസർജ്ജ്യത്തിൽ
പലരും ഇക്കഥയറിയുന്നില്ല-ചാടീടുന്നു കുഴപ്പത്തിൽ
മഞ്ഞപ്പിത്തം മഞ്ഞള് കൂട്ടീട്ടുണ്ടാകുന്നതല്ലല്ലോ
മയ്യത്താകാൻ നേരത്തീക്കഥ ചിന്തിച്ചാൽ ഫലമില്ലല്ലോ
ടൈഫോയ്ഡ് കോളറ ഛർദ്ദി
അതിസാരം പിള്ളവാതം
കൊക്കപ്പുഴ പാമ്പൻ പല പല
വിരകൾ ഇവകൾ പെരുകും വേഗം
കള്ളസുണ്ടാക്കാൻ നോക്ക
തന്താ താനാ താനാ തന്താ

[തിന്നാതെ....

ഈച്ച പെരുത്താൽ ഈവക രോഗം
വേഗം പകരും സൂക്ഷിച്ചോ
ഈച്ചകൾ പെരുകുമഴുക്കിൽ-അതിനാൽ
പരിസരം വൃത്തി വരുത്തിക്കോ,
കൊതുകുണ്ടാകും വീടിനടുത്തു്
വെള്ളം കെട്ടി നിറുത്തേണ്ട
കൊതുകാണല്ലോ മന്തു മലമ്പനി
പകരാൻ ഹേതു മറക്കണ്ട
വിധിപോലെ വരുമെന്ന, വിവരക്കേടും പറഞ്ഞ്
പല്ലും തേക്കൂലാ നാവ് തീരെ വടിക്കൂലാ
കൈകാൽ നഖം പോലും മുറിക്കൂലാ
തന്താ താനാ താനാ തന്താ

[തിന്നാതെ...

ശ്രദ്ധിക്കാതെ നടന്നിട്ടല്ലേ
രോഗം പലതും പകരുന്നു.
വൃത്തിയിൽ നിത്യം ജീവിച്ചാലോ
തനിയേ സൗഖ്യം വളരുന്നു
നമ്മളുചെയ്യും ദോഷം നമ്മുടെ
അയൽപക്കത്തേക്കെത്തുന്നു
നന്മവിതച്ചാൽ വിളയും നന്മ
ശാസ്ത്രം നേർവഴി കാട്ടുന്നു
ദിവസേന ചീകും തേടി
കുഴലും വച്ചിച്ച സൂചി
കുത്തിക്കയററി, കടം വാങ്ങി
മെഡിക്കൽ ഷോപ്പിൽ
ടോണിക്കിന്നു് ക്യൂ നിൽക്കേണ്ട
തന്താ താനാ താനാ തന്താ

[തിന്നാതെ...

പരിചമുട്ട്

പി. കെ. തങ്കപ്പൻപ്പിള്ള

ഇരുപത്തൊന്നാം നൂററാണ്ടായിട്ടും
ഈ നമ്മളുമാത്രം
ഇരുളിൽ തപ്പിക്കഴിയുകയാണല്ലോ
തെയ്താരക തെയ് തെയ്

പദ്ധതി പലതും വന്നു കടന്നല്ലോ
എന്നിട്ടും നമ്മൾ
അക്ഷരമറിയാത്തവരായ് പോയല്ലോ
തെയ്താരക തെയ് തെയ്

ചുററും നിങ്ങൾ നോക്കുവിനീലോകം
മാററത്തിൻ പടവുകൾ
ഓർത്താൽ പ്രാകൃതരിന്നും നാമല്ലോ
തെയ്താരക തെയ് തെയ്

മാളങ്ങളിൽ വാണവരുടെ തലമുറകൾ
ആണല്ലോ യഥേഷ്ടം
ഗോളങ്ങളിൽ സഞ്ചാരം ചെയ്യുന്നോർ
തെയ്താരക തെയ് തെയ്

എന്നിട്ടിന്ത്യയിൽ നൂററിക്കെഴുപത്തുപേർ
അക്ഷരമറിയാത്തവ-
രെന്നു പറഞ്ഞാൽ നാണക്കേടെല്ലോ.
തെയ്താരക തെയ് തെയ്

തോ തിന്തോ തിന്തിമി തിന്തോ
തെയ്യ തിമിന്താരോ-
അറിവില്ലാതലയും നമ്മെ
കൊത്തിവലിക്കാനായ്

കഴുകന്മാർ ചുററും ചിറകടി
യോടെ പറക്കുന്നു
അറിയുവിനിന്നവശരെയഗതിക-
ളടിമകളേ നിങ്ങൾ
അറിവാകുന്നായുധമേന്തുവിൻ
അഖിലരുമൊരുപോലെ

മനുഷ്യൻ

എം. എസ്. മോഹൻ

മനുഷ്യനെന്ന മനോജ്ഞപദം
മഹത്വമാർന്നപദം
ഉദാത്തമാകും സംസ്കാരത്തിൽ
കെടാത്ത കൈത്തിരി കൈമാറി
അജയ്യനാമവൻ അനന്തമാമീ
പ്രപഞ്ച സീമകൾ തേടുന്നു

[മനുഷ്യനെന്ന

മരിച്ച മനസ്സിന്നുടമകളെ
ഉണരുക വേഗം നിങ്ങൾ
പുതിയ യുഗത്തിൻ കരങ്ങൾ നിങ്ങളെ
മാടിവിളിക്കുന്നു
മാടിവിളിക്കുന്നു

[മനുഷ്യനെന്ന

സമയരഥങ്ങൾ കുതിക്കുന്നു
കാലം പറന്നു പോകുന്നു
കൈകോർത്തൊരുമയോ-
ടൊന്നായ് നീങ്ങുക
കലഹപ്രിയരായ് മാറാതെ

പുതിയൊരു പുലരിയടുത്തെത്തി
മാനവ സൗഹൃദ സൗരഭമുതിരും
പുതിയ പ്രഭാതമടുത്തെത്തി
ഉണരുക വേഗം നിങ്ങൾ
ഉണരുക വേഗം നിങ്ങൾ
ഉണരൂ .. ഉണരൂ ... ഉണരൂ ...

കുറവർ കളി

പി. കെ. തങ്കപ്പൻപിള്ള

ഓരയ്യാ ഓരയ്യാരോ
ഓരയ്യാ ഓരയ്യാരോ

കണ്ടനും കൊമരനും നാനും എങ്ങടെ
മുണ്ടീം തേവീം ചക്കിക്കൊച്ചും
ചാക്കോപ്പുള്ള പറഞ്ഞതുകേട്ട്
തെക്കൊരുതിക്കീ കൊയ്ത്തിനുപോയേ

ഓരയ്യാ....
ഓരയ്യാ...

കൊയ്ത്തും മെതിയും വീശിയൊണക്കലു
കച്ചീം നെല്ലും ചുമ്മിക്കേററല്
പാടമൊയിഞ്ഞേ കൊയ്ത്തുകയിഞ്ഞേ
മേലാമ്മാരുടെയറനിറയിച്ചേ

ഓരയ്യാ....
ഓരയ്യാ....

പതവും തീർപ്പും ചാക്കോപ്പുള്ള
എടനെലനിന്നതു വാങ്ങിയെടുത്തേ
എങ്ങക്കൊട്ടുകണക്കറിയില്ലേ
അങ്ങേരാകെ പററിച്ചയ്യോ

ഓരയ്യാ....
ഓരയ്യാ....

അക്കഥ ചേന്നാ നീപറയുമ്പം
എകും പററിയപത്തംകേട്ടോ
തോട്ടത്തിപ്പണിചെയ്യാനായി
ചേക്കപ്പെന്നൊരു പുള്ള വിളിച്ചേ.

ഓരയ്യാ....
ഓരയ്യാ...

ഇരുപത്തു രൂപാ ദിവസങ്ങളലി-
ക്കൊരുമാത്രം നാൻ വേലയെടുത്തേ
പണിതീർന്നൊന്നായ് കൂലിംതന്നേ
പണമെണ്ണാനെക്കറിയത്തില്ലേ

ഓരയ്യാ...
ഓരയ്യാ ...

പഠിക്കിണകൊച്ചൻ കാശെണ്ണ്യപ്പം
കളിപ്പീരറിയിണേ മുന്നൂറൊള്ളേ
ബാക്കി കാശിനു നാൻ ചെന്നപ്പം
ചേക്കപ്പുച്യള്ളയെടുത്തിട്ടു തല്ല്യേ...

ഓരയ്യാ....
ഓരയ്യാ ...

അറിവില്ലാത്തൊരു നമ്മെയിങ്ങനെ
പല പല കൂട്ടരുപററിക്കണ്ണേ
അതിനൊരു മാററത്തിനുനാമൊന്നിച്ചു-
ണരണമറിയണമക്ഷരവിദ്യ.

ബലി

പി. കെ. തങ്കപ്പൻപിള്ള

(കാണികളുടെ ഇടയിൽ നിന്നും മൂപ്പൻ എഴുന്നേററു്)

അമ്മേ........
ഭഗവതീ....
കാളീ, കാത്തു രക്ഷിക്കണേ.
ഈ... ഊരിനേം ഊരാളികളേം
കാത്തു രക്ഷിക്കണേ....

(സംഘം ഏററു പറയുന്നു)
(പാടി രംഗത്തേയ്ക്കു വരുന്നു)

കെയക്കും മലയ്ക്കുള്ള .. തേവമ്മാരേ ചത്തു
തലയ്ക്കും മേ....നിക്കും ....ചാവുമ്മാരേ....

ഒരുക്കി വെയ്ക്കുണതുണ്ടു് തുകിച്ചെൻെറ തെവ്വേ...
മൊയിക്ക് മേമൊയി വന്നു പറഞ്ഞു തരണേ ...

ഊരാളിയച്ഛനൊന്നെയുന്നുള്ളി വരണേ ...
ചാരായക്കുപ്പിയെങ്കള് വച്ചുതൊയ്യുന്നേ....

കോയിനേക്കൊന്നു ചോരകുടിക്ക്ണ മൂപ്പൻ
തോയം തീർത്തങ്കട കാര്യം നടത്തിത്തരണേ....

കാളിയും കൂളിയും യക്ഷിയും ഗന്ധർവ്വ തങ്കോം
മാടനും പേമറുതാമല മൂന്നോടിയച്ഛൻ-

കൂടണേയെങ്ങടെതങ്കടം തീർക്കുവാനെന്നും
കാണണേയെങ്കറാം വിളിക്കും വിളിപ്പുറത്തെന്നും

താനിനോം, താനിനം, താനിനം, താനിനം താരോ
താനിനോം, താനിനം, താനിനം, താനിനം താരോം

(വെളിച്ചപ്പാടു് ഉറഞ്ഞു തുള്ളുന്നു.)

വെളിച്ചപ്പാടു്: ഓം... ഉണ്ണികളേ.... നിങ്ങറാക്കു് എന്തെങ്കിലും തങ്കടം ഉണത്തിക്കാനുണ്ടോ?

സംഘം: ഉണ്ടേ...

വെളിച്ചപ്പാടു്: ഉം...പറഞ്ഞോ.

മൂപ്പൻ : ഈ ഊരിലുള്ള തിങ്ങരം ഇങ്ങനെ രുറേറം ഛർദ്ദിയുമായി ചത്താപ്പിന്നെ ആരാ ഈ ഊരാളിയച്ചനെ പൂജിക്കേന്നേ......

വെളിച്ചപ്പാട് : ഉണ്ണികളേ ഞാൻ പറഞ്ഞില്ലേ... ശുക്രൻ കേതുവിനോട് ചേൻറ് നില്ക്കുന്നതുകൊണ്ട് നാലാമിടത്തിനും ഏഴാമിടത്തിനും അടിക്കടി ആപത്ത്... മനസ്സിലായാ......

സംഘം : ഇല്ലേ...

വെളിച്ചപ്പാട് : മനസ്സിലാവില്ല (മദ്യം കഴിക്കുന്നു) അതായത്ത് നാടിനും നാട്ടാർക്കും അനർത്ഥം.

മൂപ്പൻ : അതിനു എങ്ങള് എന്തു ചെയ്യണം തെവ്വേ....

(ബലിപീഠത്തിൽ എത്തി വെളിപാടായിക്കൊണ്ട്.)

വെളിച്ചപ്പാട് : ഉം... പ്രതിവിധിയുണ്ട്....21 ദിവസം തുടർച്ചയായി പൂജ നടത്തണം.... ..

സംഘം : എങ്ങളുയെന്തുവേണേലും ചെയ്യാവേ.......

വെളിച്ചപ്പാട് : പിന്നെയൊരു കാര്യമുണ്ട്-ഈ ആശ്രുപത്രിക്കാരുടെ രുശീം വെള്ളോം നമുക്കു വേണ്ട... നിങ്ങരംക്കു ഞാനുണ്ട്......

(ബലിപീഠത്തിൽ വീണ്ടും എത്തി വെളിപാടായിക്കൊണ്ട്)

വെളിച്ചപ്പാട് : പോരാ......

നരബലിവേണം...

(സംഘം ആലോചിക്കുന്നു. ഒരാളെപിടിച്ച് ബലിപീഠത്തിൽ എത്തിക്കുന്നു. വെളിച്ചപ്പാട് ബലിപീഠത്തിനു ചുററും വെളിപാടായിക്കൊണ്ട്)

വെളിച്ചപ്പാട് : കം... കഹാ....

കിം കിഹി....

കും....(മാഷ് കടന്നുവരുന്നു)

മാഷ് : നിർത്തടൊ...(സംഘവും വെളിച്ചപ്പാടും അന്തിച്ചുനില്ക്കുന്നു. ബലികൊടുക്കാനിരുന്ന ആളെ മോചിപ്പിക്കുന്നു.)

സംഘം : മാഷ് ...മാഷ്....

മാഷ് : നരബലികൊണ്ടു് ഈ ഊരിലെ കോളറ മാററാൻ കഴിയുമോ....എങ്കിൽ തന്നെയാണ് ആദ്യം ബലി കൊടുക്കേണ്ടതു് (വെളിച്ചപ്പാടിനെ കയറിപിടിക്കുന്നു.)
എടോ...21 ദിവസത്തെ പൂജകൊണ്ടു് ഈ ഊരിലെ കോളറ മാററാൻ കഴിയുമോ...

വെളിച്ചപ്പാടു് : ഇല്ല....ഇല്ല........

മാഷ് : എങ്കിൽ ഇവരോടു പറയൂ... അക്ഷരം അറിവില്ലാത്ത ഈ പട്ടിണിപ്പാവങ്ങളോടു പറയൂ ...

വെളിച്ചപ്പാടു് : ഇല്ല...ഇല്ല... ഇല്ല...

മാഷ് : അറിവില്ലാത്ത ഇവരെപ്പോലുള്ളവരെ അന്ധവിശ്വാസത്തിൻെറ മാറാലയിൽ ആഴ്ത്തി ചൂഷണം ചെയ്യുന്ന നീയും നിന്നെപ്പോലുള്ളവരുമാണ് ഈ നാടിനാപത്തു്...

വെളിച്ചപ്പാടു് : മാഷേ ...വയററുപ്പിഴപ്പിനുവേണ്ടി....

മാഷ് : നിന്നെപ്പോലുള്ളവരുടെ വയററിപ്പിഴപ്പു കാരണം ഈ ലോകത്തു് ആയിരക്കണക്കിനു നിരക്ഷരരാണ് മരിച്ചുവീഴുന്നതു്....

വെളിച്ചപ്പാടു് : മാപ്പ് തരണം മാഷേ....

മാഷ് : മാപ്പ് ചോദിക്കേണ്ടതു് എന്നോടല്ല ... ഇവരോടാണ്....

വെളിച്ചപ്പാടു് : മാപ്പ്....മാപ്പ്....

മാഷ്... കൂട്ടരെ നമുക്കു് ഈ കുരുതിക്കളം ഇനിയൊരു അക്ഷരക്കളരിയാക്കിമാററാം. അറിവാണ്. അറിവാണ് അറിവാണീ ലോകത്തിന്നായുധം. അതിനായി നമ്മൾക്കു് പടയണിചേരാം.

സംഘം : പടയണി ചേരാം

(മാഷും സംഘവും പാടി നൃത്തം വച്ച് കാണികൾക്കിടയിലേക്കു പോകുന്നു.)

അറിവിന്നുറവിടം ഉലകിൽ അക്ഷരം
അറിയാത്തവരുണരട്ടെ പഠിക്കാൻ

ദീപം

പൂയപ്പിള്ളി തങ്കപ്പൻ **പീതാംബരൻ**

(സംഘം പാടി രംഗത്ത് പ്രവേശിക്കുന്നു)

അക്ഷരജ്ഞാനം അറിവല്ല—അറിവിൻെറ
രക്ഷാകവാടമാണെന്നുള്ളതോർക്കുക
ഇക്കവാടത്തിനകം പുക്കുവാനെത്തി നിൽക്കും
സഹജരെ നിങ്ങൾക്കു സ്വാഗതം ...

രംഗത്ത് (പൂന്തോട്ടം...........മുതലാളിയും, തൊഴിലാളിയും)

മുതലാളി : എടാ കോരാ നാളെ പുലച്ച്യ്ക്കു് ഇങ്ങ് വേല യ്ക്കു് എത്തണോട്ടോ,....... പോരുമ്പോ - പെണ്ണിനേം പിള്ളാരേയും കൂട്ടിക്കോ

കോരൻ : മുതലാളി....പിള്ളാര്....സ്കൂളില്

മുതലാളി : ഫ .....എരപ്പേ......നിൻെറയൊക്കെ മക്കൾക്ക് എന്തിനാടാ സ്കൂള് - പഠിച്ച് മജിസ്ട്രേട്ടാകാനാ....? എടാ അക്ഷരം പഠിച്ചാൽ വയറുനിറയോ....... പിള്ളാര് പണി പഠിക്കട്ടെടാ....... നീയൊക്കെ വയസ്സാവുമ്പോൾ അവര് വേണ്ടേടാ നിങ്ങൾക്കു ഭക്ഷണം തരാൻ.

കോരൻ : ഓ....

മുതലാളി : പിന്നെ പിള്ളാർക്കു കൂലിയില്ല. ഭക്ഷണം കൊടുക്കാം...അവററ പണി പഠിക്കട്ടെടാ....

— Still —

സംഘം

നിനക്കു പററിയത് നീയറിഞ്ഞോ.... ഇല്ല ഇല്ല. നിൻെറ മക്കളും അക്ഷരം പഠിച്ചാൽ മുതലാളിക്കവരെ നഷ്ടമാകും. നിങ്ങളെ അക്ഷരമറിയാത്തവരാക്കേണ്ടത് അവരുടെ ആവശ്യമാണ്.

ജീവിതമാംദുഃഖ നീരാഴിയിൽ നീന്തി
നീന്തി തളന്നവർ നമ്മളും
എല്ലാം വിധിയിൽ സമപ്പിച്ച ജീവിതം
തള്ളിക്കളഞ്ഞവർ നമ്മളും (അക്ഷരജ്ഞാനം)

(രംഗത്ത് വീടിൻെറ പൂമുഖം– മുതലാളി നായ്ക്ക് തീററകൊടുക്കുന്നു. കോരൻ കടന്നു വരുന്നു).

കോരൻ : മുതലാളി ഒരു തങ്കടം ഉണത്തിക്കാനുണ്ടേ!

മുതലാളി : എന്താടാ?

കോരൻ : മോളുടെ കല്യാണാണ്!

മുതലാളി : നിൻെറ മോളെ കെട്ടാനും ആളുണ്ടോടാ?

കോരൻ : ഒണ്ടേ .. മുതലാളി ഒരു സഹായം ചെയ്യണം.

മുതലാളി : എടാ ......ഈ വയസ്സുകാലത്ത് ഞാൻ തന്നെ കെട്ടണമോടാ....

കോരൻ : കുറച്ച ദ്രുപാ....തന്ന്....

മുതലാളി : എന്തുവിശ്വസിച്ചാടാ നിനക്കൊക്കെ ദ്രുപ തരുന്നേ

കോരൻ : പണിയെടുത്തു വീട്ടിക്കോളാമേ...

(മുതലാളി വീടിനകത്തേയ്ക്കു പോകുന്നു)
തിരിച്ചു വന്ന്

മുതലാളി : ദാ...നീ ചോദിച്ച ദ്രുപ....ഈ പേപ്പറിൽ ഒന്ന് ഒപ്പിട്ടേയ്ക്ക്. പിന്നെ ഒരാണ്ടത്തെ പലിശ ഇങ്ങ് എടുത്തിട്ടുണ്ട്. ആറുമാസത്തിനുള്ളിൽ ബാക്കി പലിശം മുതലും ഇങ്ങ് തിരിച്ചേല്പിച്ചില്ലെങ്കിൽ നിൻെറ കൂരേം പുരയിടോം (പട്ടികുരയ്ക്കുന്നു) മനസ്സിലായോ.

കോരൻ : ഉവ്വേ...

— Still —

നമ്മാംക്കളമുണ്ടവകാശമീഭൂമിയിൽ.
മററുള്ളവക്കൊപ്പമെന്ന് കാര്യം
നമ്മാം മറക്കുന്നറിവിന്നഭാവമാണി–
ന്നതിൻ കാരണമോത്തിടുവിൻ—

(അക്ഷരജ്ഞാനം)

(കവാടം തുറക്കുന്നു.
എസ്റ്റേററിലെ മാനേജരുടെ മുറി
തൊഴിലാളികാം കൂലി വാങ്ങാൻ ക്യൂ നില്ക്കുന്നു)

മാനേജർ: മുത്തുസ്വാമി... (മുത്തുസ്വാമി വരുന്നു) വാ ഒപ്പിട്ട്.

മുത്തുസ്വാമി: (ഒപ്പിടുന്നു) സാർ ഇന്നു് കുറച്ചുപൈസ തരണം കുട്ടികാംക്കു് ദീനമാ....

മാനേജർ: പൈസയൊക്കെ തരാമെടാ ....നീയങ്ങു മാറി നില്ല്, 'ആണ്ടവൻ' വാ ഒപ്പിട്ട്.

ആണ്ടവൻ: മൊതലാളി.......എനിക്കു് ഊരില്ല് പോകണം വീട്ക്കു് കത്ത് വന്തിരിക്ക്യേ...... കൊഞ്ചം പൈസ വേണം.

മാനേജർ: ഊരില്ല് പിന്നെ പോകാം......ഇപ്പോ മാറി നില്ക്ക് 'കോരൻ' (കോരൻ ഒപ്പിടാതെ നില്ക്കുന്നു)

മാനേജർ: വാ ഒപ്പിട്ട്

കോരൻ: ഇല്ല മൊതലാളി. എനിക്കു് കുറച്ചു പൈസ വേണം

മാനേജർ: വാ ഒപ്പിട്ട്

കോരൻ: ഇല്ല മൊതലാളി. എനിക്കു് കുറച്ചു പൈസ വേണം

മാനേജർ: പൈസ തരാമെന്നു പറഞ്ഞില്ലേ

കോരൻ: ഇല്ല എനിക്ക് പൈസ തരാതെ ഞാൻ ഒപ്പിടില്ല.

(തൊഴിലാളികാം ആകെ ബഹളംവെക്കുന്നു)

മാനേജർ: നിങ്ങാം ഒരു കാര്യം ചെയ്യൂ. വൈകീട്ട് എൻെറ ബംഗ്ലാവിലേക്കു് വരൂ...അവിടെ പത്തെഴപത്തു രൂപാ കാണും. അതു എല്ലാവക്കും വീതിച്ചു തന്നേക്കാം.

(തൊഴിലാളികാം രോഷാകുലരാകുന്നു, ബഹളം, അതിനിടയിൽ ഒരാാം പ്രവേശിക്കുന്നു.)

വന്നയാാം: എന്താ . എന്താണു് പ്രശ്നം

തൊഴിലാളികാം: സാറെ! ഞങ്ങാം കുറെ നാളായി ഈ തോട്ടത്തിൽ വേലചെയ്യാൻ തുടങ്ങിയിട്ട്. ഇതുവരെ

ൈപസായാന്ന തന്നിട്ടില്ല ഇടക്ക് 10 രൂപ 20രൂപ യൊക്കെ തന്നിട്ട് പിന്നീട് കണക്ക പറയാം എന്ന പറയും. കണക്കൊന്നും പറഞ്ഞിട്ടില്ല. കാശും കിട്ടിയിട്ടില്ല–

വന്നയാരം: ഇവർ പറയുന്നതു് നേരാണോ ?

മാനേജർ: കള്ളം – പച്ചക്കള്ളം പണിയെടുത്തതിനു് കൃത്യമായ കൂലികൊടുത്തിട്ടുണ്ടു്. നുണ പറയുന്നതല്ല. കണക്കുണ്ടു് നോക്ക... (രജിസ്ററർ എടുത്ത് വായിക്കുന്നു.)

മുത്തുസ്വാമി പററ് — 50 രൂ
ആണ്ടവൻ മരുന്നിനു് — 36 രൂ 15 പൈസ
കോരനു് — വീട്ടിൽ പോകാൻ — 76 രൂ. 15 പൈസ

വന്നയാരം: മതി. മതി. ഈ ബുക്കിൽ ഒപ്പിട്ടിരിക്കുന്നത് നിങ്ങളാണോ?

തൊഴിലാളികരം: അതു്. അതു്............ഒപ്പിടീപ്പിച്ചതാണ്. ഞങ്ങരംക്കു് ഒപ്പിടാനറിയില്ല.

വന്നയാരം: അതുതന്നെയാണ് കുഴപ്പം. നിങ്ങളെപ്പോലെയുള്ള അക്ഷരമറിയാത്തവരെ ചൂഷണം ചെയ്താണ് ഇവരെപ്പോലുള്ളവർ തടിച്ചു കൊഴുക്കുന്നത്. അതുകൊണ്ടു് ഇനിയെങ്കിലും നിങ്ങരം അക്ഷരം പഠിക്കാൻ തയ്യാറാക....

കോറസ്സ്: മററുള്ളവക്കൊപ്പമെത്താൻ അവകാശ
ബോധമുണരാൻ വരിക നിങ്ങരം.
നമ്മരംക്കൊരുമിച്ചറിവിൻെറയീവഴി–
ത്താരയിലൂടെ മുന്നോട്ടു നീങ്ങാം....
വേർപ്പൊഴുക്കി ചോരവററി നാരംക്കുനാരം
വേല ചെയ്ത കൂട്ടരെ
സമയമായ്.......സമയമായ്.......
അക്ഷരം പഠിക്കുവാൻ സമയമായ്
അക്ഷരം പഠിക്കുവാൻ സമയമായ്

—Still—

ശാപം

''അമ്മേ ഭഗവതി കോരംക്കമെിന്നേടമെൻ
നിമ്മല വാണികളുണ്മ ഞാൻ ചൊല്ലുവേൻ''

A : പട്ടിയുണ്ടോ...?

B : ഇല്ല. ആരാ....?

A : ഞാനാ ഇവിടെ അടുത്തുള്ള സ്കൂളിലെ സാറാ.

B : ഇരുന്നാട്ടെ; പിന്നെന്താ ഇങ്ങോട്ട്...?

A : പിന്നേയ് വോട്ടുണ്ടല്ലോ അതിന് ആളുകളുടെ കണക്കെടുക്കാൻ വന്നതാ. ഇതു് പനങ്ങാട്ടെ വീടുതന്നെയല്ലേ? ചേട്ടൻ തങ്കപ്പൻപിള്ള...?

B : അതെ.

A : അച്ഛൻെറ പേരു്..?

B : കേശവപിള്ള.

A : വയസ്സ്...?

B : 63

A : ഭാര്യ

B : കൊച്ചുപാവ്വതി 57 വയസ്സ്

A : കുട്ടികരം

B : മൂന്നു്. മൂത്തതു് ശാരദ; കല്യാണം കഴിച്ചു കൊട്ടാരക്കരയാ. രണ്ടാമൻ സുകുമാരൻ; അവനിപ്പം ഇവിടെയുണ്ട് പഠിത്തം കഴിഞ്ഞു നില്ക്കുകയാ. ജോലിയൊന്നും ആയില്യ. മററവൻ ഗോപാലകൃഷ്ണൻ. അവനു് 18 വയസ്സ്. ഈ കുംഭത്തിലാ അവൻെറ പെർന്നാള്.

A : ഇതൊന്നു് ഒപ്പിട്ടാട്ടെ.

B : ഒപ്പോ....

A : കുഴപ്പമൊന്നുമില്ല. പിള്ളച്ചേട്ടൻ ഇതൊന്നു് വായിച്ചു നോക്കിയാട്ടെ.

B : എനിക്കു് എഴുതാനും വായിക്കാനും അറിയില്ല. എടാ ശങ്കൂ. നീ ഇതൊന്നു് വായിച്ചു നോക്കിയാട്ടെ.

A : അങ്ങനെയല്ല, തിരിച്ച്.

C : ഏതായാലും ആൺകുട്ടികളു വന്നു നോക്കിയിട്ടു മതി പിള്ളേച്ചാ ഒപ്പിടല്.

A : അപ്പോ ശങ്കുചേട്ടനും എഴുത്തും, വായനയും അറിയില്ലെ. പിന്നെ ഈ ഭാഗവതം വായിക്കുന്നത്.

C : അതൊക്കെ ഒരു ചങ്കുററമാ സാറെ... അച്ഛനും, അമ്മാവനും വായിക്കുന്നതു് കേട്ടു പഠിച്ചതാ.

A : പിള്ളേച്ചാ, ഇതൊന്നു് ഒപ്പിട്ടുതരണം; എനിക്കു് ഇനിയും നാലഞ്ചു വീടുകൾ കൂടിയുണ്ടു് നാളെ അവസാന ദിവസമാ.

B : പിള്ളേരോടു് ചോദിക്കാതെ ഞാൻ ഒപ്പിടില്ല.

A : എന്റെ ചേട്ടാ, ഇതിനു് ഒരു കുഴപ്പവുമില്ല

B : ഞാനൊപ്പിട്ടു തരില്ല-action-

നരേഷൻ : ഇന്ത്യയിൽ ഇന്നു് അൻപതു് കോടിയോളം നിരക്ഷരരുണ്ടു്. അതായതു് നൂറിൽ അറുപത്തഞ്ചു പേരും എഴുത്തും വായനയും അറിയാത്തവരാണു് എന്നർത്ഥം.

സീക്വൻസ് മാറുന്നു

X : സാറേ, ഒരു ഇൻലൻറ്.

Y : ഒരു ഇൻലൻറ്.

X : സാറേ ഇതിലൊന്നു മേൽവിലാസമെഴുതി തരണം.

Y : എനിക്കു സമയമില്ല, താൻ മലയാളത്തിൽ എഴുതിയാൽ മതി.

X : സാറേ ഇതൊന്നു്...

Z : പേനയില്ല.

X ; സാറെ

W : അഡ്രസ്സെഴുതാനാണോ. ഇങ്ങു തന്നാട്ടെ. അയ്യോ ബസ്സു വരുന്നു-action

നരേഷൻ : കണ്ടില്ലേ, ഈ നിസ്സഹായത. പഠിച്ചവർക്ക് പഠിക്കാത്തവരോടുള്ള മനോഭാവം ഇങ്ങനെയാണോ വേണ്ടത്? അക്ഷരമറിയാത്തവനെ പഠിപ്പിക്കാനുള്ള ചുമതല മററാർക്കാണ്.

സീക്വൻസ് കറയുന്നു

S : അസലാമു അലൈക്കം.

T : ഞാ ഇരിക്കിൻ, നിങ്ങള് പോയ കാര്യം എന്തായി?

S : അത് ഞമ്മള് ശരിയാക്കിയിരിക്ക്ണ്. പിന്നെ, മോൻെറ ബർത്തമാനം എന്തൊക്കെയുണ്ട്?

T : ഓൻ ദുബായിക്ക മടങ്ങും മുമ്പ് അതങ്ങ് നടത്തണം

S : കോയാജി സമ്മതിച്ചിരിക്ക്ണ്. ഇനിയിപ്പോ ഓൻ പോയി കുട്ടിയെ ഒന്നു കാണണം,

T : ഓൻ വന്നല്ലോ.... സുബൈറെ, ഞാനതങ്ങ് ഒറപ്പിച്ചിരിക്ക്ണ്. ഇജ്ജ് അവിടെ പോയി ഓളെ ഒന്നു കണ്ടാള.

U : എന്താ മൊല്ലാക്കാ സ്ഥിതി?

S : ഞമ്മടെ കോയാജീടെ നാലാമത്തെ മോളാ. നല്ല ബർക്കത്തുള്ള പെണ്ണാ - ഓല്ല് പയേ തറവാട്ടുകാരല്ലേ?

U : എന്താ പേര്?

T : സുലൈഖ.

S : ഓള് ഇതുവരെ വീട്ടിൽനിന്ന് പുറത്തെറങ്ങിയിട്ടില്ല.

അത്ര അടക്കവും ഒതുക്കവും ഉള്ള കുട്ടിയാ.

U ; അപ്പോ ഓള് സ്കൂളിലും പോയിട്ടില്ലേ...?

T : അതിനെന്താ മോനെ? ഓല്ല് വല്യ തറവാട്ടുകാരല്ലെ പൊന്നും പണോം ഇഷ്ടംപോലെ.

U : ബാപ്പാക്ക് ഞാൻ അയക്കണ കത്ത് വായിച്ചുതരുന്നതാരാ?

T : നമ്മടെ സൈനബ.

U : ൻെറ പെണ്ണ്ൻ്ന് ഞാൻ എഴുതുന്ന കത്ത് ൻെറ , പെങ്ങള്
സൈനബ വായിച്ചാ നന്നോ ബാപ്പാ....?

T : ഞ്ഞി ഒരു മാതിരി ബെടക്ക് ബർത്തമാനം പറയരുത്.
ഞമ്മള നിക്കാഹിന്ന തീയതി ഒറപ്പിച്ചിരിയ്ക്കാണ്.

U : എന്തു പറഞ്ഞാലും വേണ്ടില്ല. എനിക്കാ, നിക്കാഹ്
വേണ്ട.

T: മോനെ സുബൈറേ. -action-

നരേഷൻ : ഇന്ത്യയിൽ എഴുത്തും വായനയും അറിയാത്തവ
രിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. സ്ത്രീ
കൾ വിദ്യാസമ്പന്നരായാൽ കുടുംബത്തിൻെറ മാത്രമല്ല
നാടിൻെറ ചിത്രംതന്നെ മറെറാന്നാകും.

– സീക്വൻസ് മാറുന്നു –

തിറയാട്ടം

പി. കെ. തങ്കപ്പൻ പിള്ള

(ചുടല – ഒരു വശത്ത് നാറാണത്ത് പ്രാന്തൻ ഇരിക്കുന്നു – കാളികൂളി കരം കടന്നു വരുന്നു.)

കാളി : ആരാ ഈ അസമയത്ത്?

പ്രാ : നീയാരാ?

കൂളി : ഊരോ പേരോ?

പ്രാ : രണ്ടും അറിയണം

കൂളി : ജനിച്ചത് അന്ധകാരയുഗത്തിൽ...പേര് അജ്ഞതപ്പെ കാളി...ആട്ടെ നീയാരാ?

പ്രാ : ഞാനൊരു മനുഷ്യൻ...

കാളി : മനുഷ്യർക്ക് അധിവസിക്കേണ്ട സമയവും സ്ഥലവുമല്ലല്ലോ ഇത്?

പ്രാ : മനുഷ്യർക്ക് എവിടെയും അധിവസിക്കാം.

കാളി : തർക്കുത്തരം പറയുന്നോ, പാതിരാനേരം ചുടലയിൽ വന്ന്...?

പ്രാ : ഇവിടം ചുടലയാക്കിയത് ഞാനല്ല.

കാളി : എൻെറ ചുടലനൃത്തത്തിൻെറ സമയമായി. പേടിച്ചോടാതെ പോയ്ക്കോ... കൂളികളേ നമുക്ക് തുടങ്ങാം...

തികിത തകതക തികിത തകതാരോ
തെയ് താര തെയ് തെയ്
തികിത തകതക തികിത തകതാരോ
തെയ് താര തെയ് തെയ്

അന്ധകാരയുഗത്തിൽ വാണവളേ മാനവരാശി-
ക്കിണ്ടലേറെ വരുത്തിവച്ചവളേ
തെയ് താര തെയ് താ
തികിത... ....

(പേടിപ്പിക്കുന്നു.)

പ്രാ : എന്നെ ഭയപ്പെടുത്താൻ നിന്നെക്കൊണ്ടാവില്ല. ഒന്ന് പോയാട്ടെ....

കാളി : ഇത്രയും പേടിയില്ലാത്ത ഒരു മനുഷ്യനെ ഞാൻ ഇതുവരെ കണ്ടിട്ടില്ല: നിനക്ക് എന്തു വരമാണ് വേണ്ടത്?

കൂളി : ചോദിച്ചോളൂ....സന്തോഷം കൊണ്ടാ,..

പ്രാ : എൻെറ വലതുകാലിലെ മന്ത് ഇടതുകാലിലേക്ക് മാററിത്തരാൻ ഞാനാവശ്യപ്പെടുമെന്ന് നീ കരുതുന്നുണ്ടാവും...നീയൊന്നു പോയാട്ടെ....

കാളി : തികിത....(നൃത്തം ചവിട്ടുന്നു.)
ആധിവ്യാധികളുച്ച നീചത്വം ദാരിദ്ര്യ പീഡന
ബാധകരംകള നിദാനമായവളേ
തെയ്താര തെയ്താ...തികിത....

പ്രാ : താതിന്ത താതിന്ത തോതിന്ത തെയ് തെയ്
താതിന്ത താതിന്ത തോതിന്ത തെയ് തെയ്
എന്നെയും നിന്നെയും കാക്കുന്ന പന്തം
എന്നെന്നും ലോകത്തെ മാററുന്ന പന്തം
മർത്ത്യരെ മർത്ത്യരായ് തീർത്തൊരു പന്തം
അക്ഷരപ്പന്തം അറിവിൻെറ പന്തം....
താതിന്ത....
ജാതി മതങ്ങരംക്കതീതമീ പന്തം
ജാതരായോർക്കൊക്കെ വേണ്ടതീ പന്തം
ചോരരാരും വന്നെടുക്കാത്ത പന്തം
അക്ഷരപ്പന്ത, മറിവിൻെറ പന്തം....
താതിന്ത...

കാളി : തിികിത...

ആക്രമവഗണനകൊട്ടും ദു:ഖം ഏല്പിക്കുമോളെ
നാക്കുവാക്കിനിളക്കിടാത്തവളേ
തെയ്താര തെയ് തെയ്
തികിത....അ

പ്രാന്തനും കൂട്ടരും

താതിന്ത....
നാളേക്കു നമ്മെ നയിക്കുന്ന പന്തം
നാടാകെ ശോഭ പരത്തുന്ന പന്തം
നാമൊന്നെന്നുള്ളിൽ വരുത്തുന്ന പന്തം
അക്ഷരപ്പന്ത, മറിവിൻെറ പന്തം
താതിന്ത....

കാ. കൂ. തികിത തകതക...

മർത്യലോക പുരോഗതിക്കെതിരായ് വർത്തിക്കുമോളെ
തുഷ്ടി പോക്കി നിരാശ തന്നവളേ
തെയ് താര തെയ്താ

പ്രാന്തനും കൂട്ടരും

പട്ടിണിക്കാരെ എടുക്കുവിൻ പന്തം
അധ്വാനിപ്പോരെ എടുക്കുവിൻ പന്തം
മർദ്ദിത പീഡിത ദുഃഖിതരേന്തുവിൻ
അക്ഷരപ്പന്ത,മറിവിൻെറ പന്തം...

(കാളിയും കൂട്ടരും ഓടുന്നു...സദസ്യർ. പ്രാന്തൻെറ ഗ്രൂപ്പിൽ ചേർന്നു കളിച്ചു മറയുന്നു)

മത്തായിക്കൊരു കത്ത്

(പണിക്കാർ വരുന്നു. പുലർകാലം)

പുറം കണ്ണു തുറപ്പിപ്പൂ
പുലർവേളയിലംശുമാൻ
അകക്കണ്ണു തുറപ്പിപ്പാൻ
ആശാൻ ബാല്യത്തിലെത്തണം.

(ഹമ്മിംഗ് ഗ്രൂപ്പ് നീങ്ങുന്നു)

ഒരാറം— വാടാ, നമുക്ക് അന്തോണിച്ചേട്ടൻെറ ചായക്കടേന്ന് ഒരു ചായ കുടിച്ചിട്ട് ഇറങ്ങാം...

(സീക്വൻസ് മാറുന്നു. ചായക്കട)

എ— നമ്മള് പാടുപെട്ട് പണിയാന്നല്ലാതെ എന്താ കാര്യം? പത്തു പൈസ കൈയിലു് വരുന്നില്ലല്ലോ....

ബി— കിട്ടുന്നതു് മുഴുവനും കള്ളു് കുടിച്ച് തീർത്തിട്ടല്ലേ?

സി— ഇവിടെ പണിയെടുത്തിട്ട് ഒരു കാര്യവും ഇല്ല. അമേരിക്കയിൽ പണിക്ക് പോകണം. ഒരു മണിക്കൂറ് പണിയെടുത്താൽ ഒരാറംക്ക് മൂന്നു ഡോളർ കിട്ടും....

സി: ഇന്ത്യൻ മണി എത്രയാ?

ഡി: എടാ, ഇന്ത്യനല്ല... ഡോളറാ...വിവരം വേണോങ്കി ആണുങ്ങളുമായിട്ട് എടപെടണം.

ഇ: ഒന്നു പോടാ...റഷ്യയിലെ ഡോളർ..അറിയാമോ?

ചായക്കാരൻ അന്തോണി: പിന്നെ, പുട്ടടിക്കാൻ വരുമ്പോ ഇങ്ങോട്ടാരും ഡോളറും കൊണ്ടു വന്നേക്കരുത്...

ഇ: അതെന്താ? ഒള്ള കാര്യം പറയാമ്മേലേ...? അമേരിക്ക മൂന്ന് റോക്കററ് വിടുമ്പോ റഷ്യ നാലെണ്ണം വിടും...

ബി: എടോ, ആർഷഭാരതത്തിൽ പട്ടിണിയുണ്ടായിരുന്നില്ല. രാഷ്ട്രീയക്കാരും മററു മതക്കാരും കൂടിയാ പട്ടിണിയുണ്ടാക്കിയത്...

സി: നിന്നെപ്പോലുള്ള മൂരാച്ചികളാ ഇവിടെ സോഷ്യലിസത്തിന് എതിര്...

ഡി: നിൻെറ തന്തേടെ വകയാടാ രാഷ്ട്രീയം ?

സി: നിൻെറ അപ്പൻെറ വകയാടാ ഈ നാട് ?

(അടിയോളമെത്തുന്ന ബഹളം)

ചായക്കാരൻ അന്തോണി: ഛീ.......നിർത്തടാ... ....രാവിലെ വന്ന് ചായേം പുട്ടും അടിച്ച് രാഷ്ട്രീയോം പറഞ്ഞ് ബഹളവുമുണ്ടാക്കി എല്ലാരും കാശും തരാതെ സ്ഥലം വിടും.... നിങ്ങക്കൊക്കെ ആ തൂക്കിയ ബോഡ് വായിക്കാമ്മേലെ? 'രാഷ്ട്രീയം പറയരുത്''. ഇന്നലെ വൈകീട്ട് ഇരുപത് രൂപ കടം വാങ്ങിച്ചാ രാവിലെ പുട്ടിന് അരി വാങ്ങിച്ചത്....

എടാ മത്തായീ, നിനക്ക് ഇന്നാ ഒരു എഴുത്ത്. പോസ്റ്റ് മാൻ തന്നതാ....ചന്ദനപ്പള്ളീന്നാന്നാ പറഞ്ഞത്. നിൻെറ കെട്ട്യോള് പേറ്ന് പോയതല്ലേ? വേഗം വായിച്ച് നോക്ക്....

മത്തായി: എനിക്ക് വായിക്കാനറിയത്തില്ല...ചേട്ടൻ ഒന്ന് വായിച്ചതാ ...

അന്തോ: എനിക്ക് കാണാമ്മേലാ... ഇന്നലെ കണ്ണട കൈയിന്ന് താഴെ വീണ് ഉടഞ്ഞുപോയി. ഒരു കാര്യം ചെയ്യ്.... അവര്ടെ ആരുടെയെങ്കിലും കൈയിൽ കൊട്....

എ: എനിക്ക് മൂന്നു നാല് മാസായിട്ട് കണ്ണിന് തിമരം ആയിട്ടിരിക്ക്യാ....കാഴ്ചക്കുറവുണ്ട്... അങ്ങോട്ട് കൊടുക്ക്....

(എല്ലാവരും ഒഴിഞ്ഞുമാറുന്നു)

അന്തോ: എന്തിനാടാ നത്ത് ഇരിക്കുന്നപോലെ ഇങ്ങനെ കുത്തിയിരിക്ക്ന്നേ ? അക്ഷരമറിയാത്ത ചെററകള്....ഒരു കത്ത് വായിക്കാനറിയില്ല....നീയൊക്കെ റഷ്യേലും അമേരിക്കേലുമൊള്ള രാഷ്ട്രീയോം ആഷ്ഭാരതോം പറഞ്ഞ് രാവിലെ തന്നെ തല്ല് കൂടുകയല്ലേ? ഫാ....എൻെറ കണ്ണട യാണെങ്കിൽ പൊട്ടിപ്പോയി...അക്ഷരം അറിയാതെ ആ

നയെക്കണ്ട കുരുടന്മാരെപ്പോലെ ഇങ്ങനെ ഇരുന്നിട്ട് എന്തു കാര്യം?

ഗോപാല : (പ്രവേശിച്ച്) ചേട്ടാ ഒരു ചായ...എന്താ എല്ലാ രും കൂടി അണ്ടിപോയ അണ്ണാനെപ്പോലെ ഇരിക്കുന്നത്?

മത്തായി : ഒരു കത്ത്....?വായിക്കാൻ ആർക്കും അറിഞ്ഞൂടാ...

ഗോപാല : (വായിച്ച്) മത്തായീ, നിന്റെ ഭാര്യ പെറു... ആൺകുട്ടി...അസുഖം ഒന്നുംല്ല....സുഖപ്രസവം....

മത്തായി : ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ ...

അന്തോണി : ഗോപാലാ, നീയെങ്ങനെ ഇതുവായിക്കാൻ പഠിച്ചു?

ഗോപാല : സ്വന്തം ഭാര്യേടെ എഴുത്ത് മററൊരാളെക്കൊണ്ട് വായിപ്പിക്കേണ്ട ഗതികേട് എനിക്കുണ്ടായിട്ടുണ്ട്. അ തുകൊണ്ട് ഞാൻ പഠിച്ചു....മൂന്നുമാസംകൊണ്ട് അക്ഷരം പഠിച്ചു.

അന്തോ : മിടുക്കൻ...ന്നാ...ഒരു ചായ കുടിക്ക്...നിന്നെപ്പോ ല്യുള്ളവരാണ് ഈ നാട്ടിന് വേണ്ടത്....

ഗോപാ : ഞാനും മൂന്നുമാസം മുമ്പുവരെ അക്ഷരം അറിയാത്ത വനായിരുന്നു. ഇവരെപ്പോലെ. അക്ഷരത്തിന്റെ വില എന്തെന്ന് ഞാനറിഞ്ഞു. വിവരമില്ലാത്ത നമ്മെയൊ ക്കെ കളിപ്പിക്കുന്നവരിൽനിന്നും രക്ഷ കിട്ടണമെങ്കിൽ നമ്മളും അറിവുള്ളവരായിത്തീരണം...

ഡി : ഗോപാലാ ഞങ്ങൾക്കും അക്ഷരം പഠിക്കണം...പഠി ച്ച് നമുക്ക് വലുതാവണം...ഗോപാലാ, നീ ഞങ്ങളെ പഠിപ്പിക്കണം....

ഗോപാ : ഞാൻ തയ്യാറാ ഞാൻ നിങ്ങളെ പഠിപ്പിക്കാം... എന്റെ അറിവുവെച്ച് ഞാൻ പഠിപ്പിക്കാം....നിങ്ങളെല്ലാം വന്നാ മതി...

ഗ്രൂപ്പ് : ഞങ്ങളും തയ്യാറാ.... ജോലി കഴിഞ്ഞുള്ള സമയം ഞ ങ്ങള് പഠിക്കാൻ വരും....ഗോപാലൻ ഞങ്ങളെ പഠി

പ്പിക്കണം....ഞങ്ങൾക്ക് അറിവു നേടണം... ഞങ്ങൾക്ക് വളരണം....അതിന് പഠിക്കണം....

അന്തോ കടേം പൂട്ടി രാത്രീല് ഞാനും അങ്ങ്ട് വന്നേക്കാം സഹായത്തിന്....

ഗ്രൂപ്പ് : അപ്പോ ഞങ്ങളിറങ്ങുന്നു. വൈകീട്ട കാണാം....

അക്ഷരമാലയിലുണരുകയാണോ—
രത്ഭുതലോകം
അണയുന്തോറുമകന്നേ പോകുമൊ—
രറിവിൻ ലോകം
....കോറസ് പാടി മറയുന്നു....

കോലഴി നാരായണൻ
പനങ്ങാട്ട് പി. കെ.

വില : 1 രൂപ.

അച്ചടി: കൈരളിപ്രസ്സ്, തൃശ്ശൂർ_1

KSSP 0426 IE Aug 89 2K LL 12